**<u>15 -ാം കേരള നിയമസഭ</u>**

**<u>2 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1138</u>** **<u>27-07-2021 - ൽ മറുപടിയ്ക്ക്</u>**

**<u>ആലപ്പുഴ ലജനത്തുൽ മുഹമ്മദീയ്യ കേന്ദ്രമാക്കി സിവിൽ സർവ്വീസ് അക്കാദമി</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | **Dr. R. Bindu**<br>**(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | 2019-20 വർഷത്തെ ബഡ്ജറ്റിൽ തുക വകയിരുത്തിയിരുന്ന ആലപ്പുഴ ലജനത്തുൽ മുഹമ്മദീയ്യ കേന്ദ്രമാക്കി ആരംഭിക്കുന്ന സിവിൽ സർവ്വീസ് അക്കാദമിയുടെ പ്രവൃത്തി ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികളെ സംബന്ധിച്ച് വിശദമാക്കാമോ? | (എ) | 25.03.2020ലെ സ.ഉ(സാധാ)നം.495/2020/ഉവിവ പ്രകാരം ആലപ്പുഴ, ലജ്നത്തുൾ മുഹമ്മദിയ്യ കേന്ദ്രമാക്കി ഒരു സിവിൽ സർവ്വീസ് അക്കാദമി ആരംഭിക്കുന്നതിനും ടി അക്കാദമിയുടെ പ്രാരംഭ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾക്കായി 2019-20 വർഷത്തെ സർക്കാർ ബഡ്ജറ്റിൽ വകയിരുത്തിയ 20 ലക്ഷം രൂപ 2202-80-004-82 എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ നിന്നും ചെലവഴിക്കുന്നതിനും ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. 25.06.2020 തീയതിയിലെ സ.ഉ (സാധാ)നം.858/2020/ഉവിവ പ്രകാരം മേൽ തുക റിലീസ് ചെയ്ത് സ്ഥാപനത്തിന്റെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നതിന് അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഇത് ഒരു one time assistance എന്ന നിലയ്ക്കാണ് അനുവദിച്ചിട്ടുള്ളത്. ടി അക്കാദമിയുടെ നിർമ്മാണത്തിനായി 2021-22 സാമ്പത്തിക വർഷം രണ്ടാം ഗഡുവായി 20 ലക്ഷം രൂപ കൂടി സർക്കാർ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട് . ലജ്നത്തുൽ മുഹമ്മദിയ്യ എന്ന സംഘടനയുടെ കീഴിൽ വരുന്നതാണ് സിവിൽ സർവീസ് അക്കാദമി . ഇതിനുള്ള സാമ്പത്തിക സഹായം മാത്രമേ സർക്കാർ തലത്തിൽ നൽകിയിട്ടുള്ളൂ. |

സെക്ഷൻ ഓഫീസർ